**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** — **22-02-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ മെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri. Pinarayi Vijayan (മുഖ്യമന്ത്രി)** | |
| (എ) | വാട്ടർ മെട്രോയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വാട്ടർ മെട്രോയുടെ 16 ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ബാക്കിയുള്ള 22 സ്ഥലങ്ങളിൽ സ്ഥലമേറ്റെടുത്താലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. 100 യാത്രക്കാർ വീതം കയറുന്ന 23 ബോട്ടുകളുടെ നിർമ്മാണം കൊച്ചി കപ്പൽശാലയിൽ പുരോഗമിച്ചു വരുന്നു. ആദ്യത്തെ ബോട്ട് കൈമാറി. നാല് ബോട്ടുകൾ കൂടി കൈമാറുന്ന മുറയ്ക്ക് ഭാഗികമായി സർവീസ് ആരംഭിക്കാൻ കഴിയും. |
| (ബി) | വാട്ടർ മെട്രോ വൈറ്റിലയിൽ നിന്നും അരൂക്കുറ്റി, പാണാവള്ളി മുതലായ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സർക്കാർ അംഗീകരിച്ച വിശദ പദ്ധതി രേഖ പ്രകാരം കൊച്ചി നഗരത്തിന് ചുറ്റുമുള്ള ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് 38 ജെട്ടികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ അരൂക്കുറ്റി, പാണാവള്ളി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഉള്ള സർവീസ് ഇപ്പോഴത്തെ പദ്ധതിയിൽ ഇല്ല. എന്നിരുന്നാലും വാട്ടർ മെട്രോ പദ്ധതിയുടെ ഭാവി വികസനത്തിന്റെ ഭാഗമായി അടുത്ത ഘട്ടത്തിൽ, സ്ഥലത്തിന്റെ പ്രാധാന്യം, ഗതാഗതം സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തി ആവശ്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ